**ശാന്തകുമാരി വി.വി**

<u>കഥ</u> <u>രക്ഷിതാവ് ആർ ?</u>

വിശപ്പിന്റെ കാഠിന്യം അറിഞ്ഞാണ് ചിന്നു വളർന്നുവന്നത്, വാരികുഴിയിൽ നിന്നു കളഞ്ഞു കിട്ടിയതാണ് ചിന്നുമോളെയെന്നാണ് ആ പ്രദേശത്തുകാരുടെ അറിവ്, ഇന്ന് ചിന്നുവിനെ വളർത്തുന്നത് സദനത്തിലെ പാചകക്കാരി അമ്മിണി യാണ്. കഴിഞ്ഞു പോയ ജീവിതാവേശത്തിന്റെ മുന്നിൽ മനസ്സിലെ കൃത്രിമമായ സ്നേഹത്തിലൂടെ പാരമ്പര്യസ്വത്ത് ചുളുവിൽ ആർജിച്ചെടുത്തവരും, പല ദുർനടത്തിലൂടെയും നടന്ന് നീങ്ങി സ്വത്ത് ആർജിച്ചെടുത്തവരും, പല പാർട്ടി മേൽ ക്കൂരയ്ക്കുളളിൽ നിന്നുകൊണ്ടും ഉദ്യോഗത്തിൽ കയറിയവർ മേൽക്കോഴ്മ പറഞ്ഞ് ജനങ്ങളെ വഞ്ചിച്ചും നേടിയ സ്വത്തും പണവും മക്കളുടെ ന്യായമായ തർക്കങ്ങൾ അംഗീകരിക്കേണ്ടതായി വന്നേരം കാലിടറി വീണവരാണ് ഇന്ന് വൃദ്ധ സദനത്തിലെ മിക്ക താമസക്കാരുടെയും, അവരുടെ എല്ലാവരുടെയും, പൊന്നു മോളാണ് ചിന്നു.

നമ്മാചിന്നുവിന് അച്ഛനോ, അപ്പനോ, വാപ്പയോ ആരോയൊരാൾ ഉണ്ടാ യിരിക്കണം. ഇന്ന് നടക്കുന്ന ചൂഷ്ണത്തിനുനേരെ വിരൽ ചൂണ്ടി പെട്ടെന്ന് മുന്നോട്ടു വന്ന താത്രിക്കുട്ടി എല്ലാവരെയും നോക്കി കൊണ്ട് തുടർന്നു.

" സ്ത്രീയും പുരുഷനും പരസ്പരം ചേർന്നാൽ ചിലപ്പോൾ കുഞ്ഞു ജനിക്കും"
"അത് പതിവല്ലേ ? "

വൃദ്ധസദനത്തിലെ താത്രിക്കുട്ടിയമ്മ ബന്ധപ്പെട്ട എല്ലാവരോടായി തീർത്തും പറഞ്ഞു.
" ഇതിനെ സംബന്ധിച്ച പരാതികളെ എങ്ങും കേൾക്കാനുളളൂ ". അന്നേരം ചിന്നു വിനെ നോക്കി അല്പ സമയം നിന്നവർ പിറുപിറുത്തു.
" നിങ്ങളെ എല്ലാവരെയും ചുറ്റിപറ്റി നമ്മാ ചിന്നുമോള് നടക്കുന്നത് ഏറെ ഉപകാ രമല്ലോ ?" എവിടെയും പല കുസൃതികളൊപ്പിക്കുന്ന മോള് ഏറെ പാവാ. " ചിന്നു വിന്റെ കുരുത്തക്കേട് സൂചിപ്പിച്ചവർ കഴിഞ്ഞ കാര്യങ്ങൾ ഓർത്തുകൊണ്ട് പറഞ്ഞു തുടങ്ങി. " നമ്മാ സദനം വൃത്തിയാക്കുവാൻ എത്തുന്ന റംലയുടെ കൈപ്പിടിച്ചു വന്നവൾ ഇന്ന് വളർന്നിരിക്കുന്നു. ചിന്നുമോള് ഒരു പെണ്ണായെന്ന് ചൂണ്ടിക്കണിച്ച താത്രിക്കുട്ടിയമ്മയെ സസൂക്ഷ്മം ശ്രദ്ധിച്ച റംമല ഏറെ വേവലാതി കൊണ്ട് ഏവ രോടും ചേർന്നു നിന്നേരം മനസ്സ് പറഞ്ഞു. "

" പെണ്ണ് വളർന്നാൽ ആർക്കും നെഞ്ചിൽ തീയ്യാ " നന്മ കണ്ണും കാതും മനസ്സും അവളോടൊപ്പം എല്ലായ്പ്പോഴും വേണം ". ങ്ങാ ചിന്നു മോള് ഇവിടെ

വളരുന്നത് എന്റെ മനസ്സിന് തണലായി. കുട്ടൂക്കാരിയുടെ മാനം രക്ഷിക്കാൻ ചിന്നുമോളെ ഏറ്റുവാങ്ങേണ്ടി വന്ന റംമലയുടെ കണ്ണുകളിൽ സ്നേഹരസം തുളുമ്പി നിന്നു.

സദനത്തിലെ വൃദ്ധജനങ്ങളുടെ പിറകെ വിടാതെ നടന്ന ചിന്നുവിനോട് അടുത്തവർ സ്നേഹത്തോടെ മനസ്സു പറഞ്ഞു.

" എന്നെയൊന്ന് കൈപിടിച്ച് ഏണിപ്പിച്ചേ ചിന്നു. അന്നേരം സ്വന്തം കാര്യബാധത നേരിൽ കണ്ടവർ ചിന്നു മോളെ വിടാതെ അരികെ വിളിച്ചു പറഞ്ഞു. " എന്നെ കൂടി ഒന്നു സഹായിക്കു ചിന്നു മോളെ " എന്റെ മുടി ഇന്ന് കോന്തി കെട്ടിത്ത രണം. " സദനത്തിൽ വൃത്തിയായി സ്വന്തം കാര്യങ്ങൾ നീക്കുന്ന പാവുക്കുട്ടിയമ്മ സസ്നേഹം ചിന്നുമോളെ അരികെ വിളിച്ചുപറഞ്ഞു.

" എന്നെ കക്കൂസ് വരെ കൈപിടിച്ച് തിടുക്കത്തിൽ കൊണ്ടുപോവണം." " ശരീര പ്രശ്നം ഒതുക്കാൻ വയ്യാതെ വന്നേക്ക്ണ്. "
വൃദ്ധ സദനത്തിലെ ഏവരെയും കൂട്ടു പിടിച്ച് സ്നേഹമെന്നൊരു കുടിലത തന്ത്ര ത്താൽ ചിന്നു കെട്ടിയിട്ടു. അന്നേരം ചിന്നുവിനോട് അടുത്ത ചിലർ മനസ്സിൽ സമാധാനം കണ്ട് കൊണ്ടുപറഞ്ഞു.
" ആവോ ഇന്ന് സുഖമായികുളിച്ചു, എന്റെ ചിന്നു മോള് പുറം തേച്ച് കഴുകിതന്നു. ചിന്നുവിന് ധരിക്കാനുള്ള ഡ്രസ്സ് വൃദ്ധസദനത്തിൽ എത്തിചേരുന്നവർ കനിഞ്ഞു നൽകിയത് അലമാരി നിറഞ്ഞു കവിഞ്ഞു.
" ഇവിടെത്തെ, ആരുടെ മകളാ ചിന്നു ? ! ! എല്ലാവരോടും അന്തസ്സായി അടു ക്കുന്ന ചിന്നുവിനെ അറിയുവാൻ ആഗ്രഹിച്ചവർ ഉൽക്കണ്ഠയോടെ പലരോടും ആരാഞ്ഞു.
ഒഴിവ് ദിവസങ്ങളിൽ സദനത്തിൽ വന്നു പോയിക്കൊണ്ടിരുന്ന പാറുക്കുട്ടിയമ്മ യുടെ ജോലിക്കാരിയായ മകൾ സുഭദ്രയ്ക്ക് ചിന്നുവിനെക്കുറിച്ചുള്ള കാര്യാലോചന. " ഇവിടെത്തെ ആരുടെ മകളാ ചിന്നു ? "

വൃദ്ധസദനം അടിച്ചുവാരി വൃത്തിയാക്കുവാൻ വന്നു നിന്ന റംമല അത് കേട്ട് പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു. "ചിന്നുവിന് സ്വന്തബന്ധുക്കളായി ഇവിടെ ആരും ഇല്ലാ " ഇപ്പോൾ വൃദ്ധസദനത്തിൽ ചിന്നു വളരുന്നു. ചിന്നുവിന്റെ കാര്യങ്ങൾ അറിഞ്ഞവർ സ്തംബരായി നിശബ്ദം നിന്നുപോയി. മാതാപിതാക്കളില്ലാത്ത കുഞ്ഞായി ചിന്നുവിനെ കാണാൻ ആർക്കും കഴിഞ്ഞിട്ടില്ല. കോളേജിൽ പഠിക്കു മ്പോൾ യൂണിഫോം വൃത്തിയായി ശ്രദ്ധയോടെ ഉപയോഗിക്കുന്നു. എല്ലാവരു മായി സൗഹൃദത്തോടെ അടുക്കുന്നവർക്ക് ഏറെ സ്നേഹിതരെ ഉണ്ടാക്കുവാൻ കഴിഞ്ഞിരിക്കുന്നു.

ചിന്നുവിനെ കൂടാതെ അച്ഛനമ്മയില്ലാത്ത ആ കുഞ്ഞുങ്ങളെ റംമലയ്ക്ക് അടുത്തുപരിചയമില്ല. ചിന്നുവിനെ ആദ്യം പൊട്ടിയൊഴുകുന്ന നീല വെളിച്ചത്തിൽ കണ്ടപ്പോൾ ഒരിക്കലും അനാഥയായി കാണുവാൻ കഴിഞ്ഞില്ലാ.

പെട്ടെന്ന് സുഭദ്രയുടെ ചിന്ത മനസ്സിലേറ്റ റംമലയുടെ ചിന്തയിൽ ചിന്നുവിന്റെ മുഖം നിറഞ്ഞു നിന്നു. ബാല്യകാലകൂട്ടുക്കാരിയുടെ കൈയിൽ നിന്ന് വന്ന് ചേർന്ന ചിന്നുവിനെ വളർത്താൻ ശ്രമിച്ചപ്പോൾ വീട്ടുകാർ പട്ടിയെ ആട്ടും വിധം കുഞ്ഞിനെ ആട്ടിയന്നേരം വൃദ്ധസദനത്തിൽ കൊണ്ടുവന്ന് താത്രിക്കുട്ടിയമ്മയെ ഏൽപ്പിച്ചു.

വീട്ടിൽ തന്റെ ഉറക്കം കെടുത്തിയവൾ സദനത്തിലെ ചാരക്കുഴിയുടെ അരികെ ചേർന്നുള്ള തിണ്ണമറപ്പെറ്റി കിടന്നുറങ്ങുന്നത് കണ്ട്നേരം പിടഞ്ഞ നെഞ്ച് തഴുകി പിൻതിരിഞ്ഞു നടന്നു.

വൃദ്ധ സദനത്തിലെ വൃദ്ധകളായവരുടെ ഉറ്റവർ പാക്ക് ചതച്ച് കൊടുക്കുവാൻ വളർന്നലവളുടെ കൈയിൽ മധുര പലഹാരങ്ങൾ നിറഞ്ഞുകണ്ടനേരം റംമലയുടെ തീപ്പിടിച്ച മനസ്സ് തണുത്തു. ആ നേരം എല്ലാവരോടും ഒന്നേ പറയുവാനുള്ളൂ. " ചിന്നു അനാഥയാണ് ". പാവം പെൺക്കുട്ടി " വൃദ്ധസദനത്തിലെ അച്ഛനമ്മയുടെ സുരക്ഷിതത്വം തിരക്കി വരുന്നവരോട് ചേർന്നുനിന്ന ചിന്നുവിന്റെ കൈയ്കളിൽ ഉടുപ്പുകൾ നിറഞ്ഞു തുടങ്ങി.

" ചിന്നു അനാഥയാണ് " അവൾക്ക് പണമോ പട്ടു വസ്ത്രമോ കൊടുക്കുന്നവർക്ക് മോഷം കിട്ടും " സമുന്നരായ പലരോടും കൊടുത്ത പുതിയ ഉടുപ്പുകൾ ധരിച്ച ചിന്നുവിനെ ആകാംക്ഷയോടെ നോക്കിയ വൃദ്ധജനങ്ങളിൽ ചിലർ പോയ് പോയ പഴയ കാലങ്ങൾ ഓർത്ത് നെടുവീർപ്പിട്ടു പോയി. " ഏതൊരു ഡ്രസ്സ് ധരിച്ചാലും ചിന്നുവിനെ കാണാൻ നല്ല ചേലാ ". അവൾ നല്ലൊരു സുന്ദരിക്കൊച്ചാ. ചിന്നുവിന്റെ മുടിയുടെ തിളക്കവും കറുപ്പും കണ്ടോ ? ചിന്നുവിനെ ഉറ്റുനോക്കിയ ചിലർ അറിയാതെ സ്വയം ചുണ്ടിൽ തടവി. കൊച്ചുനാളിൽ പലരുടെയും ഏറെ ചുംബനങ്ങൾ ഏറ്റു വാങ്ങിയ തന്റെ ചുണ്ടാ ചിന്നുവിന് " ഏന്തൊരു ചുവപ്പ് !"

ചേലൊത്ത ചിന്നുവിന്റെ ശരീരപ്രകൃതി കണ്ടവർ അറിയാതെ സ്വയം ശരീരത്തിൽ കൈയോടിച്ചുകൊണ്ട് ആത്മാവിലേറ്റ പല നിഗൂഢ സത്യങ്ങളും ഓർത്തു പോയി.

തന്റെ കണ്ണിലെ കൺമഷി കറുപ്പ് അടർത്തി ചന്തം ചാർത്തിയ ചിന്നുവിനെ ആരും മനസ്സിൽ പൂജിതയ്ക്കും ചിന്നു അത് കേട്ടു ഭയന്നു. പ്രേമത്തോടെ നോക്കുന്ന വരെ അവൾ ഭയന്നു. പ്രണയരസത്തോടെ അടുക്കുന്നവരിൽ നിന്ന് അക

ലാൻ ശ്രമിച്ചവളുടെ നെഞ്ചിൽ കനൽ എരിഞ്ഞു.

വൃദ്ധ സദനത്തിലെ എല്ലാവരും ഒറ്റപ്പെട്ടവരായിരുന്നു. സദനം നടത്തിപ്പടുക്കാർക്ക് ഒരു വൻ തുക കൊടുത്താണ് മക്കൾ അവരെ അവിടെയെത്തിച്ചിരിക്കുന്നത്.

സദത്തിലെ വൃദ്ധജനങ്ങളുടെ ശാരീരികവശത കണ്ട ചിന്നു അവർക്ക് സാന്ത്വനം നൽകിയപ്പോൾ കണ്ടു വന്ന ആൺ മക്കളുടെ മനോഭാവം മാറി. മാസത്തിലൊരിക്കൽ പോലും അമ്മയെ കാണാൻ എത്താത്ത ആൺമക്കളുടെ വരവ് കൂടിപ്പോയന്നേരം പിറകെ ഓടിയെത്തിയ ഭാര്യയുടെ നെഞ്ചിൽ കനലെരിഞ്ഞു.

" ചിന്നു വിചാരിച്ചാൽ വൃദ്ധ ജനങ്ങൾക്ക് പരിഹരിക്കനാവാത്ത പ്രശ്നമില്ലാതായി. പലരും അവൾക്ക് ഗിഫ്റ്റായി പണവും പണ്ടവും നൽകി. ഒരാൾ ചിന്നുമോൾക്ക് മൊബൈൽ സമ്മാനിച്ചുകൊണ്ട് പ്രത്യേകം ഓർമ്മപ്പെടുത്തി.

" ചിന്നുവിന് എന്തെങ്കിലും പ്രശ്നം വന്നാൽ ഉടൻ സദനം നടത്തിപ്പുകാരനായ ബോർഡ് ചെയർമാനെ പരാതി അറിയിക്കണം.

സർക്കാർ സർവ്വീസിൽ നിന്ന് നാല്പ്പത് വയസ്സിൽ സ്വയം വിരമിച്ച അദ്ദേഹം വിവാഹിതനാണേലും മക്കൾ ഇല്ലാ.

പലരുടെയും ജീവിത വേദനകളെ അറിയുന്ന അദ്ദേഹം ചങ്ങാത്തം കൂടി അവർക്ക് സാന്ത്വനം നൽകി കൊണ്ട് അച്ഛനായോ മുതിർന്ന സഹോദരനായോ അടുക്കുന്നു.

സദനത്തിലെ വൃദ്ധജനങ്ങൾക്ക് പലപ്പോഴും സംരക്ഷകനായി എത്തുന്നയാളെ എല്ലാവരും സ്നേഹത്തോടും ബഹുമാനത്തോടും സ്വീകരിക്കുന്നു. ജീവിതത്തിലെ പാഠങ്ങൾ പഠിച്ച് സദ്നത്തിലെ പടിവാതിൽ സ്നേഹത്തോടെ എത്തുന്ന ആളെ ബഹുമാനിച്ചവർ പിൻ വലിഞ്ഞന്നേരം ചിന്നു ഭയപ്പാടൊടെ മാറി നിന്നു.

പതിവുപ്പോലെ വൃദ്ധസദനം വൃത്തിയാക്കുവാൻ വന്ന റംമല ചിന്നുവിന്റെ മുറിയിൽ കയറിയന്നേരം മുന്നിൽ കണ്ട ആളെ തുറിച്ചുനോക്കി. വിവിധ രാഷ്ട്രീയക്കാരുടേയും നാട്ടുകാരുടെയും പ്രശ്നപരിഹാരത്തിനു മുന്നോട്ടുവരുന്ന സദനത്തിലെ ബോർഡ് ചെയർമാന്റെ മടിയിൽ അർദ്ധ നഗ്നയായ ചിന്നു.

****************************